**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 460** **28-06-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് എന്നു മുതൽ പൂർണ്ണമായും നടപ്പാക്കാനാകുമെന്ന് വിശദീകരിക്കാമോ; | (എ) | മെഡിസെപ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ വിവരശേഖരണത്തിന്റെ ഭാഗമായുള്ള തെറ്റുതിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ ഡി.ഡി.ഒ. /നോഡൽ ഓഫീസർ/ ട്രഷറി ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കൂടാതെ വിവരശേഖരണത്തിലൂടെ ഇതുവരെ സമാഹരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ കമ്പനിയ്ക്ക് ഇതിനോടകം തന്നെ കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി തെരെഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി തയ്യാറാക്കുന്ന ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് അടിയന്തിരമായി സർക്കാറിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശവും കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരസ്പര ഉടമ്പടിയിൽ ഏർപ്പെട്ടുകൊണ്ട് പദ്ധതി ഉടൻ തന്നെ നടപ്പിൽ വരുത്തുന്നതാണ്. |
| (ബി) | സംസ്ഥാനത്തെ മുഖ്യധാരയിലുള്ള ഏതെങ്കിലും ആശുപത്രികൾ പദ്ധതിയിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്ന സാഹചര്യം ഉണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | ചികിത്സാ നിരക്കുകൾ കുറഞ്ഞ് പോയെന്ന ആരോപണം ഉന്നയിച്ച് ചില ഹോസ്പിറ്റലുകൾ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെടാൻ വിമുഖത കാണിക്കുന്നുണ്ട്. |
| (സി) | ഏതു മാസത്തെ ശമ്പളത്തിൽ/പെൻഷൻ തുകയിൽ നിന്നുമാണ് പ്രീമിയം തുക ഈടാക്കി തുടങ്ങുന്നതെന്ന് വ്യക്തമാക്കാൻ കഴിയുമോ? | (സി) | മെഡിസെപ് പദ്ധതിയുടെ നടത്തിപ്പിനായി തെരെഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി അന്തിമ ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് സർക്കാറിലേയ്ക്ക് സമർപ്പിച്ചതിനു ശേഷം സർക്കാരുമായി പരസ്പര ഉടമ്പടി ഒപ്പ് വെയ്ക്കുന്നതിനെ തുടർന്ന് വരുന്ന മാസത്തിലെ ശമ്പളത്തിൽ/ പെൻഷൻ തുകയിൽ നിന്നും പ്രീമിയം തുക ഈടാക്കി തുടങ്ങുന്നതാണ് |

സെക്ഷൻ ഓഫീസർ